പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 7190 — 16/07/2012 ൽ മറുപടിയ്ക്ക്

# ആധാരങ്ങൾ വേഗത്തിൽ പോക്കുവരവ് ചെയ്യാൻ സംവിധാനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. ശിവദാസൻ നായർ:<br>ശ്രീ. കെ. അച്ചുതൻ:<br>ശ്രീ. ബെന്നി ബെഹനാൻ:<br>ശ്രീ. ഹൈബി ഈഡൻ: | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) ഭൂരേഖ സഹിതം രജിസ്റ്റർ ചെയ്യുന്ന ആധാരങ്ങൾ വേഗത്തിൽ പോക്കുവരവ് ചെയ്യാൻ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്; വിശദമാക്കുമോ; | (എ) ഭൂരേഖ സഹിതം രജിസ്റ്റർ ചെയ്യുന്ന ആധാരങ്ങൾ വേഗത്തിൽ പോക്കുവരവ് ചെയ്യുന്നതിന്റെ ഭാഗമായി അക്ഷയ കേന്ദ്രങ്ങൾ വഴി പോക്കുവരവ് ചട്ടങ്ങളിലെ 7(1) പ്രകാരം ഫാറം 1 (ബി) പൂരിപ്പിച്ച് ഓൺലൈനായി രജിസ്ട്രാർ ഓഫീസിലേയ്ക്ക് അയയ്ക്കുകയും, രജിസ്ട്രാർ ആധാരം പതിക്കുന്നതിനൊപ്പം പ്രസ്തുത ഫാറം പരിശോധിച്ച് അംഗീകരിക്കുകയും ചെയ്യുന്നതോടുകൂടി ഈ ഫാറം ഓൺലൈനായി വില്ലേജ് ഓഫീസർക്ക് ലഭിക്കുകയും ചെയ്യും. ഇടപാട് നടത്തുന്ന ഭൂമി ആ സർവ്വെ നമ്പറിലെ ഒരു ഭാഗം മാത്രമാണെങ്കിൽ ഓൺലൈനായി തഹസിൽദാർക്ക് ലഭിക്കുകയും, തഹസിൽദാർ പാർട്ട് ഇടപാട് അംഗീകരിക്കുന്ന മുറയ്ക്ക് ഈ ഫാറം ഓൺലൈനായി വില്ലേജ് ഓഫീസർക്ക് ലഭിക്കുകയും ചെയ്യുന്നു. വില്ലേജ് ഓഫീസർ പ്രസ്തുത പോക്കുവരവ് ഡിജിറ്റൽ ഒപ്പോടുകൂടി അംഗീകരിക്കുന്നതാണ്. ഓൺലൈൻ സംവിധാനം ഉപയോഗിക്കുന്നതിനാൽ കാലതാമസം ഒഴിവാക്കുവാൻ സാധിക്കുന്നതാണ്. |
| (ബി) പ്രസ്തുത സൗകര്യം വില്ലേജ് ഓഫീസർ മുഖേന നടത്തുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (ബി) മുഴുവനായി ഭൂമി കൈമാറ്റം ചെയ്യപ്പെടുന്ന കേസുകളിൽ വില്ലേജ് ഓഫീസർ തന്നെയാണ് ഈ പോക്കുവരവുകൾ എല്ലാം അംഗീകരിക്കുന്നത്. ഫാറം എല്ലാം തന്നെ കൃത്യമായ അംഗീകാരം സഹിതം ഓൺലൈനായി ലഭിക്കുന്നതിനാൽ യാതൊരു വിധ തടസ്സവും കൂടാതെ വില്ലേജ് ഓഫീസർക്ക് ഇവ അംഗീകരിക്കുവാനും സാധിക്കും. |

(സി) ഇതിനായി എന്തെല്ലാം നടപടി (സി) കൾ സ്വീകരിച്ചിട്ടുണ്ട്?

പൈലറ്റ് അടിസ്ഥാനത്തിൽ ഈ സംവിധാനം നടപ്പിലാക്കി വരുന്ന പാലക്കാട് ജില്ലയിലെ 17 വില്ലേജുകളിൽ ആദ്യമായി കമ്പ്യൂട്ടർ, ഇന്റർനെറ്റ് കണക്ടിവിറ്റി, വില്ലേജ് ഉദ്യോഗസ്ഥരുടെ പരിശീലനം എന്നിവ നൽകിയ ശേഷം 15.09.2011 മുതൽ ഇത് നടപ്പിലാക്കി വരുന്നു. 12.07.2012 വരെ ഇപ്രകാരം 1143 പോക്കുവരവുകൾ നടത്തിയിട്ടുണ്ട്. കൂടാതെ മറ്റു ജില്ലകളിൽ കൂടി ഈ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

സെക്ഷൻ ഓഫീസർ